**പതിമൂന്നാം കേരള നിയമസഭ**

**ഒമ്പതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T 2783** **20/06/2013-ലെ മറുപടിക്ക്**

**ഭൂപരിഷ്കരണ നിയമത്തിൽ പൊളിച്ചെഴുത്ത്**

| ചോദ്യം<br>ശ്രീ. മോൻസ് ജോസഫ് | | മറുപടി<br>ശ്രീ.അടൂർപ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഭൂപരിഷ്കരണ നിയമത്തിൽ പൊളിച്ചെഴുത്ത് നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഈ നിയമത്തിലൂടെ ഭൂമി നിഷേധിക്കപ്പെട്ടവർക്ക് ഭൂമി നൽകുവാൻ ശ്രമം നടത്തുമോ ; | (എ) | കേരള ഭൂപരിഷ്കരണ നിയമത്തിൽ ഒരു പൊളിച്ചെഴുത്ത് നടത്തുവാൻ ഉദ്ദേശിക്കുന്നില്ല. എന്നാൽ ചില ഭേദഗതികൾ വരുത്താനുള്ള നടപടികൾ നടന്നുവരുന്നു. |
| (ബി) | ജോയിന്റ് വെരിഫിക്കേഷൻ കഴിഞ്ഞ് വർഷങ്ങൾ പിന്നിട്ടിട്ടും പട്ടിക വിഭാഗക്കാരുടെ കൈവശഭൂമിക്ക് പട്ടയം നൽകുന്നതിനുള്ള തടസ്സം എന്താണ്; ഇത് പരിഹരിക്കുന്നതിന് ശ്രമിക്കുമോ ; | (ബി) | 01/01/1977 ന് മുമ്പുള്ള വനഭൂമി കൈവശക്കാർക്ക് പട്ടയം നൽകുന്നതിന് 1980 ലെ വനസംരക്ഷണ നിയമപ്രകാരവും, 2006 ലെ വനാവകാശ നിയമപ്രകാരവുമാണ് സംയുക്ത പരിശോധന നടത്തി നടപടികൾ സ്വീകരിച്ചുവരുന്നത്. ഈ രണ്ട് നിയമപ്രകാരവും സംയുക്ത പരിശോധന പൂർത്തീകരിച്ച് നടപടികൾ പൂർത്തിയാക്കി പട്ടയം നൽകുന്നതിനുള്ള നടപടികൾ ജില്ലാ തലത്തിൽ നടന്നുവരുന്നു. |
| (സി) | ഭൂമിയും വീടും ഇല്ലാത്തവർക്ക് ഭൂമി കണ്ടെത്തിനൽകുന്ന പദ്ധതിയിലേക്ക് എത്ര സ്ഥലങ്ങളിൽ ഭൂമികണ്ടെത്തിയിട്ടുണ്ട്. ഇവയിൽ എവിടെയൊക്കെ ഭൂരഹിതർക്ക് ഭൂമി വിതരണം ചെയ്തു എന്ന് വ്യക്തമാക്കാമോ? | (സി) | ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്കാവശ്യമായ ഭൂമി കണ്ടെത്തുന്ന നടപടികൾ ജില്ലാ തലത്തിൽ പുരോഗമിച്ച് വരുന്നു. കണ്ടെത്തിയ മിച്ചഭൂമിയുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം 'എ' ആയി ചേർക്കുന്നു. പദ്ധതിയുടെ ഒന്നാം ഘട്ടമായി ഒരു ലക്ഷം ഭൂരഹിത കുടുംബങ്ങൾക്ക് 2013 ആഗസ്റ്റ് മാസത്തിൽ ഭൂമി നൽകാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. ഈ പദ്ധതി പ്രകാരം നാളിതുവരെ ആർക്കും ഭൂമി വിതരണം ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം 'എ'

| ക്രമ. നം. | ജില്ല | കണ്ടെത്തിയ സ്ഥലങ്ങൾ | വിസ്തീർണ്ണം (ഏക്കർ) |
|---|---|---|---|
| 1 | തിരുവനന്തപുരം | 117 | 203.71 |
| 2 | കൊല്ലം | 111 | 21.2 |
| 3 | പത്തനംതിട്ട | 20 | 11.78 |
| 4 | ആലപ്പുഴ | 68 | 12.17 |
| 5 | കോട്ടയം | 35 | 47.51 |
| 6 | ഇടുക്കി | 56 | 207.53 |
| 7 | എറണാകുളം | 201 | 83.7 |
| 8 | തൃശ്ശൂർ | 93 | 45.62 |
| 9 | പാലക്കാട് | 91 | 54.03 |
| 10 | മലപ്പുറം | 42 | 35.29 |
| 11 | കോഴിക്കോട് | 60 | 39.02 |
| 12 | വയനാട് | 32 | 31.5 |
| 13 | കണ്ണൂർ | 70 | 435.73 |
| 14 | കാസർഗോഡ് | 412 | 1217.66 |
| | **ആകെ** | **1408** | **2446.45** |

S.O.